032:7xl2 GO TWO BHASA CHAMPUS

032:7xL2
GO

L2 G0
A SASTRI
ous.
MUL
064310

14 AUG 1931
MADRAS

SRÎ MÛLAM MALAYALÂM SERIES.

No. XXV.

# TWO BHÂSÂ CHAMPÛS

EDITED BY

K. SĀMBAŚIVA ŚĀSTRĪ

*Curator for the Publication of Sanskrit and Malayalam Manuscripts.*

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF HER HIGHNESS THE MAHARANI REGENT OF TRAVANCORE.

TRIVANDRUM:
PRINTED BY THE SUPERINTENDENT, GOVERNMENT PRESS,
1930.

*All Rights Reserved.*]

64310
8306.
032 :7xL2
G10

ശ്രീ

ക്ഷമാഭരണസമ്പദാ സതതസംശ്രിതാ സർവതഃ
ക്ഷമാഭരണമേവ യാ ലസതി രാജരാജേശ്വരീ
രമാരമണസേവിനീ നിഖിലധർമ്മസംവർദ്ധിനീ
സമാദൃതസമപ്രജാ ജയതി സേതുലക്ഷ്മീരസൌ.

യത് കാരുണ്യകലാബലാദിഹ കലാ-
സാമഗ്ര്യസമ്പന്നയാ
ഗൈർവാണ്യാ സഹ കൈരളീച കൃതിഭി-
ർന്നീതാ പ്രസിദ്ധീകൃതിം
തസ്യാ വഞ്ചിവസുന്ധരാഗതജന-
പ്രത്യക്ഷലക്ഷ്മ്യാ മഹാ-
രാജ്ഞ്യാ മങ്ഗളമാലികേയമുദിതാ
സദ്ഗ്രന്ഥരത്നാവലിഃ.

കെ. സാംബശിവശാസ്ത്രീ.

# മുഖവുര.

ഈ രണ്ടു ഭാഷാചമ്പുക്കൾ ആകൃതികൊണ്ടു ലഘുക്കളാണെങ്കിലും പ്രകൃതികൊണ്ടു ഗുരുക്കളാണ്. ഇവയിൽനിന്നു സാഹിത്യസംബന്ധമായും, സമുദാചാരപരമായും, പല സദുപദേശങ്ങളും ഗ്രഹിക്കുവാനുണ്ട്. ഇവയുടെ കർത്താവ്, ഭാഷയിലെ ശയ്യ, രീതി, പാകം എന്നിവയാൽ ഭാഷാരാമായണാദി ബഹുചമ്പൂപ്രബന്ധനിർമ്മാതാവായ മഹാകവി പുനംനമ്പൂതിരി ആയിരിക്കണം എന്നാണ് ഒരഭ്യൂഹം ഉണ്ടാകുന്നത്. ഈ അഭ്യൂഹത്തിന്, പുനത്തിൻേറതാണെന്നു സുപ്രസിദ്ധമായ—

"താരിൽത്തന്വീകടാക്ഷാഞ്ചലമധുപകുലാ-
രാമ! രാമാജനാനാം •
നീരിൽത്താർബാണ! വൈരാകരനികരതമോ-
മണ്ഡലീചണ്ഡഭാനോ!
നേരെത്താതോരു നീയാം തൊട്ടുകുറികളുയാ-
യ്യെന്നുമേഷാ കുളിക്ക-
ന്നേരത്തിന്നിപ്പുറം വിക്രമനൃവര! ധരാ
ഹന്ത! കല്പാന്തതോയേ."

എന്നുള്ള ശ്ലോകത്തിൽകാണുന്ന വൈരാകരശബ്ദവും, 'തമോമണ്ഡലീചണ്ഡഭാനോ!' ശബ്ദവും പ്രസ്തുതചമ്പുക്കളിൽ ഒന്നായ രാവണവിജയത്തിൽ യഥാക്രമം,

"ചൊല്ലെത്തീടുന്ന വൈരാകരവിമലയശ-
ശ്ചന്ദ്രഹാ ചന്ദ്രഹാസം"

(പുറം. ൧൮. ശ്ലോകം. ൧൮)

എന്ന പാദത്തിലും,

"നിന്നാൽ ധാത്രീ ജിതമയം വിമതജനതമോ-
മണ്ഡലീചണ്ഡഭാനോ!"

(പുറം. ൧൯. ശ്ലോകം. ൯)

എന്ന പാദത്തിലും അഭിന്നരൂപത്തിൽ സങ്ഘടിപ്പിച്ചിരിക്കുന്നതു്, പ്രബലമായ ഒരുപഷ്ടംഭകമായി നില്ക്കുന്നു. ഇത്തരം "അനൎഗ്ഗളവിനിൎഗ്ഗളദചനധാരയായി പ്രവഹിക്കുന്ന സരസസാഹിതിധുരികളിൽ" പരകീയവചനങ്ങൾക്കു നിലയില്ലെന്നുതന്നെ

യല്ല, ഉണ്ടെങ്കിൽ അതു കവിയശഃപ്രാർത്ഥികളുടെ സരണികളിൽ ഒരു കണ്ടകംകൂടി ആയേക്കുമല്ലോ എന്നുള്ളതുകൊണ്ടാണു മുൻചൊന്ന അഭ്യൂഹത്തിന് ഇങ്ങനെ ഒരുപഷ്ടംഭകം നിറുത്തിയതു്. കൊല്ലവർഷം ൬൦൪-ാമാണ്ടിടയ്ക്കു ജീവിച്ചിരുന്ന പണ്ഡിതാഖണ്ഡലനും മഹാകവിമുഖ്യനും ആയ ഉദ്ദണ്ഡശാസ്ത്രികൾ—

"അധികേരളമഗ്ര്യഗിരഃ കവയഃ
കവയന്തു വയന്തു ന താൻ വിനമഃ
പുളകോദ്ഗമകാരിവചഃപ്രസരം
പുനമേവ പുനഃ പുനരേവ നമഃ."

എന്നിവിധം പുനത്തേത്തന്നെ പ്രത്യക്ഷത്തിൽ അഭിനന്ദിച്ചതായി കേൾക്കുന്നതിൽനിന്നു, ശാസ്ത്രികളുടെ ജീവിതസമയമായ ൬൦൪-ാമാണ്ടിനോട് അടുപ്പിച്ചായിരിക്കണം ഇദ്ദേഹത്തിന്റെ ജീവിതസമയമെന്നു വ്യക്തപ്പെടുന്നു. ഇതുപോലെയെങ്കിലും ദേശനാമധേയാദികളെപ്പററി അറിവു ലഭിക്കുന്നതിനു യാതൊരു മാർഗ്ഗവും കാണുന്നില്ല. നമ്മുടെ കവി, ചന്ദ്രോത്സവത്തിൽ കാണുന്ന,

"മധുമൊഴി! പുനമെന്നാനല്പവീന്ദ്രേണ സാര-
സ്വതപരിമളമോലും പദ്യഭേദൈരനേകൈഃ
പകലിരവുവളർത്തി സ്സൂയമാനാപദാനാ
മധുരകവിഭിരന്യൈരമ്പിതാ രാഘവാദ്യൈഃ."
"മദയതിപുനമിന്നും ഭൂരി ഭൂചക്രവാളം."

എന്നീ ഭാഗങ്ങൾകൊണ്ടു്, തത്കർത്താവിനേക്കാൾ പ്രാചീനനാണെന്നു വിശദപ്പെടുന്നു. വിശിഷ്യ, 'പദ്യഭേദൈരനേകൈഃ' എന്നിടത്തു്, 'ഗദ്യപദ്യൈരനേകൈഃ' എന്ന പാഠം സ്വീകരിച്ചു്" ൨൦൦-ൽ പരം ചമ്പൂഗ്രന്ഥങ്ങൾ അദ്ദേഹം ഉണ്ടാക്കിയിരിക്കുന്നതായി ചിലർ അഭിപ്രായപ്പെടുന്നു. ഇത് അത്ര ശരിയാണെന്നു തോന്നുന്നില്ല. അനേകത്വം ഗദ്യപദ്യങ്ങളിൽ അന്വയിച്ചതുകൊണ്ടുമാത്രം അനേകം ചമ്പുക്കളായി എന്ന് ഒററയടിക്കു വിവരിക്കുന്നതു സാഹസമാണല്ലോ. പല ചമ്പൂപ്രബന്ധങ്ങളും നിർമ്മിക്കുവാൻ അദ്ദേഹത്തിനു സ്വതസ്സിദ്ധമായ പാടവമുണ്ടായിരുന്നു എന്നുള്ളതിനെ തെളിയിക്കാൻവേണ്ടിയാണെങ്കിൽ ഒരു പക്ഷേ അനേകഗദ്യപദ്യങ്ങൾ സമർത്ഥങ്ങളായി എന്നു വന്നേയ്ക്കാം.

സംസ്കൃതഭാഷയിലുള്ള അനിതരസാധാരണമായ സാഹിത്യപാണ്ഡിത്യം നിമിത്തം, തദനുഗുണമായി കൈരളിയെ അലങ്കരിച്ച് അരങ്ങേററുവാൻ കച്ചകെട്ടിച്ച കേരളീയകവികളിൽ അഗ്രഗണ്യനായിരുന്നു നമ്മുടെ പുനംനമ്പൂതിരി എന്നത് അവിചാരിതമായി തള്ളിക്കേറുന്ന സംസ്കൃതമയഗദ്യഗ്രന്ഥികളാൽസ്പഷ്ടപ്പെടുന്നു. കൈരളീസാമ്രാജ്യത്തിലെ സീമാനിയമങ്ങൾ ഗൈർവാണിയിലാക്കാമെന്നുദ്ദേശിച്ച ചാടിപ്പുറപ്പെട്ട 'ലീലാതിലക' കാരന്മാൎക്കാരം ഈ വിഷയത്തിൽ പുനം സാഹസിയാണെന്നു പറവാൻ തരമില്ല. ഇതുയുംകൊണ്ടു്, കേരളത്തിലെ ഗൈർവാണീപ്രചാരബാഹുല്യം വ്യഞ്ജിക്കുന്നതിനാൽ, അതു നമുക്ക് അഭിമാനഹേതുവായ ഒരു വിജയംതന്നെയാണ്. സർവ്വഥാ പലതരത്തിലുള്ള പുരാണേതിഹാസങ്ങളിലെ കഥാസാരം കാലദേശാവസ്ഥാനുസാരിയായ ലോകോപദേശത്തിൽ പര്യവസായിയാകത്തക്കവിധം ഫലിതരസസമ്മിശ്രമായും, ലളിതമധുരപദവിന്യാസമഞ്ജുളമായും പ്രബന്ധരൂപേണ സമർപ്പിച്ചിട്ടുള്ള ഈ മഹാകവിയുടെ യശശ്ശരീരം നമ്മുടെ കൈരളിക്ക് ഒരു സ്ഥായിയായ അവഷ്ടംഭമാണ്. ഇപ്രകാരമുള്ള ഇദ്ദേഹത്തെ സുപ്രസിദ്ധരായ പതിനെട്ടരക്കവികളിൽ അരക്കവിയായേ ഗണിച്ചിട്ടുള്ളൂ എന്നുള്ള സങ്ഗതിയെ ഡാക്ടർ ശങ്കരമേനോൻ അവർകൾ ഭാഷാരാമായണചമ്പുവിൻെറ മൂന്നാംഭാഗം പ്രസിദ്ധീകരിച്ച അവസരത്തിൽ, അവതാരികയിൽ പരിഹരിക്കുവാൻ വളരെ വളരെ ശ്രമിച്ചുകാണുന്നു. പ്രസ്തുത ഒന്നരക്കവിയിൽ നാമൈകദേശഗ്രഹണന്യായം ഹഠാത് പ്രവേശിപ്പിച്ച് ഇദ്ദേഹത്തെ ഒന്നരക്കവിയായും സ്ഥാപിപ്പാൻ മുതിരുന്നു. ഇതു കേവലം അസ്ഥാനാഭിമാനമെന്നേ തോന്നുന്നുള്ളൂ. ചേന്നാസ്സുനമ്പൂതിരിപ്പാടിനേയും ഉദ്ദണ്ഡശാസ്ത്രികളേയും മററുമപേക്ഷിച്ച്, പുനത്തിനെ അരക്കവിയാക്കുന്നതിൽ യാതൊരുത്തൎക്കും അഭ്യസൂയാവകാശം ഉണ്ടാകാൻ ഇടയില്ലല്ലോ.

പ്രസക്താനുപ്രസക്ത്യാ, രാമായണചമ്പുവിൻെറ പ്രസിദ്ധീകരണം സംബന്ധിച്ച്, ഭാഷാസാഹിത്യചരിത്രത്തിൽ കാണുന്ന—

'ശ്രീമൂലം ഗ്രന്ഥാവലിയിലെ രാമായണചമ്പു, പുനത്തിൻെറതെന്നപോലെ ക്രൂരേട്ടരാപ്പീസുകാരുടേയും കൃതിയാണ്'' എന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതിനെപ്പററി അല്പം പറയേണ്ടിയി

രിക്കുന്നു. യഥാൎത്ഥത്തിൽ മാതൃകാശരണന്മാരായ പ്രസാധകന്മാൎക്ക്, സ്വകപോലകല്പിതമായ പാഠഭേദസങ്ഘടനത്തിന് അധികാരമില്ലെന്നുള്ളതു സശപഥം സമ്മതിക്കാവുന്നതാണ്. എന്നാൽ, ജരത്തമങ്ങളായ പ്രാചീനഗ്രന്ഥങ്ങളുടെ സംരക്ഷണപ്രകാശനങ്ങളിൽ ക്യൂറേറ്റർ ഒരു നല്ല ചികിത്സകനായ ഡാക്ടറാണ്. ഡാക്ടർമാർ പ്രാണാചാൎയ്യരാകയാൽ പ്രാണസംരക്ഷണത്തിൽ മാത്രം കൃത്യമുള്ളവരാണെങ്കിലും അപൂൎവ്വം ചിലർ പ്രാണസംരക്ഷണവും ഇച്ഛാനുഗുണം അങ്ഗഭങ്ഗങ്ങൾ തീൎത്തു പുതിയതു യോജിപ്പിക്കുകയും ചെയ്യാറുണ്ട്. അതു സൎവ്വാത്മനാ അനുചിതം എന്നോ ഉചിതതമമെന്നോ പറയാൻ കഴിയുന്ന ഒന്നല്ല. ഈയൊരു രുചിഭേദം അടിസ്ഥാനപ്പെടുത്തി ഡാക്ടർ ശങ്കരമേനോൻ അവർകൾ പൊടിഞ്ഞുപോയ ചിലെടത്തു പ്രതിനവഘടനചെയ്തുവെന്നു വിചാരിച്ചു പൊതുവെ ക്യൂറേറ്റർആപ്പീസുകാരുടെ കൃതിയാണെന്നുകൂടി അഭിപ്രായപ്പെട്ട ചരിത്രകാരനായ മിസ്റ്റർ പണിക്കർ പ്രത്യേകിച്ചു തെളിവു കൊടുക്കാതിരിക്കുന്നിടത്തോളം ചരിത്രദൃഷ്ട്യാ അതിനു സാധുവാദം ഉണ്ടാകുന്നതല്ല.

ഈ സന്ദൎഭത്തിൽ പ്രസ്തുതചമ്പുക്കളിൽ രാവണവിജയം ഈ ആപ്പീസിൽതന്നെ ഉപലബ്ധമാകയും പ്രതിരൂപിതമാകയും ചെയ്തിരുന്നിട്ടും, ഭാഷാരാമായണചമ്പുവിലെ പ്രഥമപ്രകരണമായ രാവണോത്ഭവത്തിനുശേഷം അടുത്ത സ്ഥാനത്തിൽ പ്രവേശിപ്പിക്കുവാൻ അൎഹത്തമമായിരുന്നിട്ടും, അതുകൂടിച്ചേൎക്കാതെയുള്ള പ്രസിദ്ധീകരണത്തിൽ പൂൎവ്വഗാമിയായ ഡാക്ടർ മേനോൻ അവർകൾ സങ്കല്പിച്ചിട്ടുള്ള ഔചിത്യം എന്താണെന്നു വ്യക്തമാകാത്ത സങ്ഗതികൂടി പ്രസ്താവ്യമായിരിക്കുന്നു.

ഇതുപോലെ വേറെയും ചില ചമ്പൂപ്രബന്ധങ്ങൾ പ്രസിദ്ധീകരണത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇതിന് ഈ ആഫീസിൽ തന്നെ സമ്പാദിതവും അസമഗ്രവുമായ കാളിയമൎദ്ദനം പ്രബന്ധം ഉദാഹരണമായി നിൎദ്ദേശിയ്ക്കാവുന്നതാകുന്നു. അതിലെ ആദ്യത്തെ ശ്ലോകവും, കിട്ടിയിട്ടുള്ളതിൽ ഒടുവിലത്തെ ഭാഗവും താഴെ ചേൎക്കുന്നു.

"നാലാമ്നായാംബുജത്തിൻ പരിമളവിഭവം
നൎമ്മസഞ്ജാതഘൎമ്മ-
പ്രാലേയാലങ്കൃതശ്രീമുഖരുഹിനകരം
മഞ്ജുവംശീനിനാദം,

നീലാംഭോദാഭിരാമം കരുതുക മനമേ!
കല്മഷം കൈവരാസ്സാൻ
ലീലാഗോപാലബാലം നമദസുരസുരാ-
ഹീന്ദ്രപാദാരവിന്ദം."

"വിശ്വമെല്ലാം ക്ഷയിച്ചിത്രിലോകീപുരീ-
ശില്പിയാം പദ്മജന്മാവുതാനും ലയി-
ച്ചൊക്കവേ കാരണാംഭോമയം തന്നെയാ-
കുന്നകാലത്തുമാപത്തുകൂടാതവ-
ണ്ണം വടത്തിൻദളത്തിൽ കിടന്നങ്ഘ്രിപാ-
നം കൊട്ടകുംപരൻ"

ഈ ചമ്പുക്കളുടെ പ്രസാധനത്തിൽ വൃത്തബന്ധനിയമമുള്ള ദ്രാവിഡവൃത്തങ്ങൾക്കു ഗദ്യം എന്നു കൊട്ടത്തുവന്നിട്ടുള്ള സമ്പ്രദായം അനാശംസനീയമെന്നുകരുതി, ദ്രാവിഡവൃത്തമെന്നു തലക്കെട്ടു ചേർത്തിരിക്കുന്നു. സംസ്കൃതവൃത്തമല്ലാത്തതെല്ലാം, ഗദ്യമാണെന്നു പൊതുവെ സങ്കല്പിക്കുന്നതു പ്രമാണാനുഗൃഹീതമല്ലല്ലോ.

ഇവയുടെ പ്രകാശനത്തിൽ ഗജേന്ദ്രമോക്ഷം സംബന്ധിച്ച്:—

൧. ബ്രഹ്മശ്രീ, കോട്ടയം കുടമാളൂർ ചെമ്പകശ്ശേരി മഠത്തിൽ നാരായണൻ മിത്രൻനമ്പൂതിരി അവർകളുടേയും

൨. ടി പട്ടാമ്പിയിൽ പ്ലാക്കട്ടിരി നാഗലശ്ശേരി കൂടല്ലൂർമനയ്ക്കൽ ബ്രഹ്മദത്തൻ നമ്പൂരിപ്പാട് അവർകളുടെയും

ഗ്രന്ഥപ്പുരകളിൽ നിന്നു ശേഖരിച്ചിട്ടുള്ള മാതൃകകളും,

[1]രാവണവിജയം സംബന്ധിച്ച്:—

൧. കോട്ടയം നെട്ടാശ്ശേരി മ-രാ-രാ-ശ്രീ പുതിയേടത്ത് ഉണ്ണ്യാതിരി അവർകളുടെ മാതൃകയും ഉപയോഗിച്ചിട്ടുള്ളതാകുന്നു.

ഈവിധം അനേകം ചമ്പൂപ്രബന്ധങ്ങളുടെ പ്രസാധനത്തിലേയ്ക്കുള്ള ഭാവിശുഭാവസരത്തെ ആശംസിച്ചുകൊണ്ട് ഈ രണ്ടു ഭാഷാചമ്പുക്കളേയും സഹൃദയജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
൨൬-൧൨-൧൦൬. } കെ. സാംബശിവശാസ്ത്രി.

1. രാവണവിജയം ആരംഭത്തിൽ അല്പം വികലമാണെങ്കിലും ഉള്ളിടത്തോളം ഭാഗം സമയവിളംബം സഹിക്കത്തക്കതല്ലാത്തതിനാൽ പ്രസിദ്ധീകരണകോടിയിൽ ചേർത്തിട്ടുള്ളതാകുന്നു.

# രണ്ടുഭാഷാചമ്പുക്കൾ

---

## ൧. ഗജേന്ദ്രമോക്ഷം.

ഉണ്ടായീ മാമകീനം മനതളിർ നിറയു-
മ്മാറൊരാനന്ദ[1]മയ്യോ!
തണ്ടാർബാ[2]ണാഭിരാമം സഭയിലിഹ സഖേ!
കണ്ട നേരം ഭവന്തം;
വണ്ടിൻവാടീനിറംതേടിന മുരമഥനം
പണ്ടു വാപീ[3]സമീപേ
കണ്ടന്നപ്പാണ്ഡ്യഭൂപാലകമകുടമണി-
പ്പൂൺപിനങ്ങെന്നപോലെ. ൧

ശ്രീമാൻ പാണ്ഡ്യമഹീപതി,മ്മുരരിപു-
ശ്രീപാദപദ്മാർപ്പിത-
സ്വാന്തഃ, ശാന്തമനോമലഃ, സകലവി-
ദ്യാംഭോധിനിഷ്ണാതധീഃ,
ഇന്ദ്രദ്യുമ്ന ഇതി ദ്വിപേന്ദ്രഗമനഃ,
പ്രത്യർത്ഥിപൃഥ്വീപതി-
പ്രധ്വംസപ്രഥിതപ്രതാപമഹിമാ,
സത്കീർത്തിരാസീത് പുരാ. ൨

സോഽയം ത്യക്തവിഷേഷോപമാനവിഷയോ-
മാഽലയമാലാകുലം
ശൈലം, ഭാസുരമാവസൻ ഹി മലയം
ഭൂ[4]യോഽപി തേപേ തപഃ;

---

1, മ്പ്ലോ൦, 2. ണോപമാനം, 3. തടാന്തേ, 4. പോ,എന്നു ഖ. പാഠം.

G. P. T. 950. 300. 22-2-1106. B

UNIVERSITY LIBRARY 14 AUG 1930

ഗംഭീരേണ ച കുംഭയോനിമുനിനാ
ശപ്തഃ സ്വസംഭാവനാ-
വൈമുഖ്യാദവശസ്സദൈവ [1]ഗതവാൻ
സംഭ്രാന്തധീഃ കുംഭിതാം. ൩

സോഽപ്യദ്രൗ നിജദാരദാരകസുഹൃത്-
സംഘൈരസംഖ്യൈഃ സമം
രൂപ്യായഃകനകാഭിരാമശിഖരേ
രേമേ ത്രികൂടേ ചിരം;
വിഷ്വഗ്വിഷ്ഫുരിതാധിരൂഢകലശാം-
ഭോരാശിവീചീശതൈ-
രാധൗതാമലവപ്രദീപ്രനവര-
ത്നോദ്ദ്യോതിതാശാന്തരേ. ൪

ദ്രാവിഡവൃത്തം ൧.

ഹര! ഹര! ശിവ! ശിവ! പറയാമല്ല-
ക്കരിവരചരിതം കരുതുന്തോറും;
കരുമനതന്നേ കാണ്മാനുള്ളൂ.
പെരിയമരാമരനികരമൊരോരോ-
പടലുകൾ കാടുകൾ കടുവാകരടികൾ
കിടുകിടെയോടും കിടികൾ പെരുമ്പാ-
മ്പെന്നിവയൊക്കെത്തച്ചുതകർത്ത-
ക്കടലിൽ മറിച്ചുകളഞ്ഞീടുമ്പോൾ,
കടലുമടങ്ങാത്തിരമാലകളാം
കരനികരംകൊണ്ടരനിമിഷം കൊ-
ണ്ടഴകൊടെടുത്തമ്മലയരിപാട്ടിൽ
മറിക്കുന്നേരം, മറുതലയായി
മദിച്ചുവരുന്ന മഹാംബുധിയോടുമ-
ടുത്തു മരങ്ങൾ പറിച്ചുമെറിഞ്ഞും,
പതിചൊടിറങ്ങിപ്പലവഴിപാഞ്ഞും
തെരുതെരെ വരുമത്തിരകളുമായ-
ക്കരിവരനൊന്നു കയക്കുന്നേരം
മലയരിവൊന്നു തകർന്നുമറിഞ്ഞ-
ക്കടലിലുതിർന്നപ്പാൽനിറമൊക്കെപ്പലനിറമായീ

1. ഗമിതഃ. ഖ. പാഠം.

തിമികൾ തിമിങ്ഗിലനക്രാദികളും
മന്ദരമഥനമഹാസങ്കടമുട-
നിന്നും വന്നിതകപ്പെട്ടു ദൃഢ-
മെന്നുനിനച്ചു വിറച്ചു തുടങ്ങീ;
മുൻപിൽ കനമൊട്ടു തുമ്പിക്കരവും
പിമ്പിലുലാവും വാലുംകണ്ടാൽ
ഉമ്പർജനത്തിനുമസുരന്മാൎക്കും
തുമ്പുപിടിച്ചുവലിപ്പാനുള്ള-
പ്പാമ്പന്മാർകുലമകുടമണിയ്ക്കൊരു
പൂൺപായ്മേവിന വാസുകി തന്നുടെ
വാലും തലയുമിതെന്നേ തോന്നും,
കെല്പിനൊടപ്പിൽ നിരപ്പു[1]തകുന്ന
നരപ്പുതവന്നകൎണ്ണാന്തങ്ങളി-
ലടിയുന്നേരം സമരഗജാനാം ചമരന്തോന്നും;

ഭ്രമണവിലാസം കാണുന്നേരം
ഭ്രമണകലീലാകലവികൾ തോന്നും;
തിമികളൊടെത്തിമറുക്കുന്നേരം
കൃമികളൊടണയും [2]സരണികൾ തോന്നും;
മുതലകളോ[3]ടിടയുമ്പടി കണ്ടാൽ
ചിതലുകളോടിടയും വഴിതോന്നും;
പാലാഴീലപ്പുരമപുമാനല-
മോമനയായ് മരുവീടിന മീനക-
ളാമകൾ മുതലകളെന്നിവരോടതി-
സാഹസമാംവഴി ചെയ്യുന്നതു കൊ-
ണ്ടെങ്ങനെ മേലിൽ വരുന്നതിവനെ-
ന്നുള്ളതുമേതും നഹിനഹി ജാനേ.

അന്നേരം വന്നുനിന്നാരുപരി സുരവര-
ന്മാരുമാത്രൂഢമോദം
തന്നേത്തന്നേ പുകഴ്ത്തിപ്പടകളി കടലോ-
ടീട്ടുക്രുട്ടം ഗജേന്ദ്രം,

1. കലന്ന്, 2. കലവികൾ, 3. ടണയുന്നളശ:യാം എന്നു ഖ. പാഠം.

തൻനാഗാധീശകണ്ഠേ വിരവൊടു സുരലോ-
കാധിരാജൻ കരേറി-
ച്ചെന്നാനന്നാഗവീലാകലവികൾ സുഖമേ
കാണ്മതിന്നാണ്മയോടേ. ൫

വാല്യം, കാല്യം, തലപ്പാരവു,മൊരുകനവും,
നീളമയ്യാ! നടക്കും-
ചേല്യം, കോല്യം വഴക്കം പുകരൊടണികരം,
കർണ്ണവും വർണ്ണനീയം,
വാല്യം ദാനാംബുകൊണ്ടുള്ളൊരു സുഭഗതയും,
കണ്ടൊരൈരാവതം താൻ
മാല്യം കൈക്കൊണ്ടു നിന്നാനരപെരുകിന നാ-
ണം പൊറാഞ്ഞാകുലാത്മാ. ൬

ഏവം കിഞ്ചിത് കളിച്ചക്കരികുലപെരുമാൾ
പാൽപ്പയോരാശി[1] തന്നിൽ
താ[2]വും നീർ കോരി മമ്മാ! തെളിവൊടു നിജദേ-
ഹത്തിലൂത്താത്ത[3] ശോഭം;
ഭാവം കൈക്കൊണ്ടു മെല്ലെന്നടവിയിൽ നടകൊ-
ണ്ടീടുവാൻ കർണ്ണതാളാ-
രാവം ചി[4]ന്നം വിളിക്കും നിനദവുമഴകു-
ണ്ടെത്രയും മാത്ര കണ്ടാൽ. ൭

എന്തുചൊൽവനവനീനിജാങ്ഗമവനീധ-
രേന്ദ്രശിഖരാന്തരേ
ബന്ധുവൃന്ദമൊടു ചേർത്തു കിഞ്ചന നിവിൻ്റ
നിന്ന നിമിഷാന്തരേ,
പന്തുമാടി വനദേവതാഗണമണഞ്ഞി-
തന്യശിഖരാശയാ,
രന്തുമേവ തദുപഴ്യഹോ! സപദി ഗാഢ-
രൂഢകുതുകാകുലം! ൮

ഗദ്യം ൧.

തദനു ച മദനശരവിസരദവിരളദഹനസദനായമാനമാ-
നസേന, തേന മദഭരാപൂർണ്ണമാനലോചനമരീചിനിചയപരി-

1. മദ്ധ്യേ, 2. വീടും നീരുകോരി, 3 മോദം, 4. ഹസം, എന്നു ഖ. പാഠം

ഹസിതമധുവർണ്ണേന, അർണ്ണോരുഹകേസരസവർണ്ണപുരുവിന്ദു-
പൂർണ്ണകർണ്ണകടകരേണ, ക്വചിദപി ലകുചതപചാനിചയസല്ലകീ-
പല്ലവതല്ലജാദിഖാദ്യപദാത്ഥസാത്ഥൈവ്വല്ലഭാഭിഃ സഹ സജ്ജ-
ഗ്ധിമഹാമഹമനുഭോഗവതാ, ക്വചിച്ച നിശിതതരനിജദന്തകു-
ന്തസന്താഡിതഹിന്താലതാലതമാലനാഗപൂഗപുന്നാഗപ്രമുഖസു-
സ്ഥിരതരസ്ഥിരാരുഹനിവഹപ്രസ്തരഗണ്ഡശൈലഷണ്ഡഖണ്ഡ-
നരവാനുയായിബൃംഹിതകാന്ദിശീകസൈരിഭശരഭേതരേഭഹരിമൃ-
ഗകുലാവലോകനഭീരുനിജകളഭകരേണുഗണപയ്യവണസമായ-
ത്തചിത്തതയാ ഗണസമീപ ഏവ സഞ്ചരതാ, വാമനേനേവ
കരകലിതദാനസലിലേന, വിശ്വവിഹിതവിക്രമേണ ച; ധനഞ്ജ-
യേനേവ കർണ്ണാരാധനരതേന, സുസുഖാനുഭൂതനാഗനാരീനിധു-
വനേന ച; സദാ വനരതേനാപി ഗണാനാമവനരതേന, സദാ-
രകേണാപി തരൂണാം വിദാരകേണ യൂഥനാഥേന ഗജജന്മനി
സുലഭാനി നിഖിലസുഖാന്തരാണി [2]സുഖമനുഭൂയന്തേ സ്മ.

ഇങ്ങനെ പലപല കാലം
തിങ്ങിനമോദം കരീന്ദ്രനതിവേലം
പൊങ്ങിന മദജലമതിലേ
മുങ്ങി നടന്നാൻ പ്രിയാഭിരനുകൂലം. ൯

ഗദ്യം ൨.

തദനു ഝടിതി പോന്നുവന്നും മുഴുത്തു നിദാഘോദയപ്രൌ-
ഢിതാനെത്രയും ഘോരമായ്പ്പത്തുദിക്കിങ്കലും കത്തിമെത്തിക്കനം
തത്രഭാനുപ്രഭാ ചിത്രഭാനുപ്രഭാവത്തൊടെത്തിജ്ജയിച്ചിത്രിലോക-
ത്തിനങ്ങെത്തൽചേർത്തോരു കാലത്തു താപം പൊറാഞ്ഞങ്ങ്ഗമെ-
ല്ലാം മെലിഞ്ഞങ്ങുമിങ്ങും പൊരിഞ്ഞോടിയോടിപ്പിടിക്കൂട്ടവും
ബാലരും തേടുമപ്പാട്ടുകണ്ടത്രികൂടത്തിങ്കൽ നിന്നങ്ങിഴിഞ്ഞിങ്ങു
പോരുന്നനേരം വഴിക്കക്കരേണുക്കളെക്കൈയിൽ നിന്നോലുമന്നീ-
രുകൊണ്ടേ നനച്ചും തണൽപ്പാട്ടു നോക്കിക്കയ്യേൽച്ചോട്ടുവച്ചും നട-
ക്കുന്നനേരത്തു, ദൈവം നിനച്ചാൽ വലത്താകകൊണ്ടോ മറി-
ച്ചാകകൊണ്ടോ, ധരിച്ചീലതേതും, നിറഞ്ഞങ്ങു മിട്ടാൽ കവി-
ഞ്ഞോരുനീർകൊണ്ടു വാരാകരത്തെപ്പുനവ്വ്യാകൃമാക്കിപ്പരന്നോരു
കാസാരമൻപോടുകണ്ടിട്ടതിൽച്ചെന്നിറങ്ങിക്കളത്രങ്ങളും മിത്ര-

1. ത, 2. ചിര, എന്നു ഖ. പാഠം.

ങ്ങൾ പുത്രൌഘമെല്ലാം കളിച്ചും കുളിച്ചും പുളയ്ക്കുന്നനേരം, മഹാനാഗരാജൻ നിദാഘാവലേപം പൊറാഞ്ഞുഗ്ഗണത്തോടുകൂടി-ക്കുറഞ്ഞോരുനേരംജലക്രീഡചെയ്തങ്ങുനിൽക്കുന്നനേരത്തു [1]സംരം-ഭിയായോരു കുംഭീരമെത്തിക്കടിച്ചങ്ങിഴച്ചാശു ഗംഭീരനായ്‌വന്ന കുംഭീന്ദ്രനെക്കൊണ്ടു നീരാഴമുള്ളോരുദിക്കിങ്കലാക്കിച്ചമച്ചീടിനാൻ.

ദ്രാവിഡവൃത്തം ൨.

കരിവരനപ്പൊഴുതൊന്നു കുതന്നു;
ഞെരുഞെരെ മുതലയുമൊന്നു തകന്നു;
കടികൾ മുറുക്കും നക്രവുമപ്പോ-
ളടിതൊണ്ടൊന്നു മറിക്കും ഗജവും,
മുതലയുമതലന്നോക്കിയിഴയ്ക്കും,
തലഭുവിങ്കലിഴയ്ക്കും ഗജവും;
വത്സരമായിരമായിരുവക്കും,
മത്സരമൊന്നുകുറഞ്ഞില്ലേതും.

ഇവണ്ണം നാഗേന്ദ്രൻ പലസമകൾ ചെല്ലുമ്പൊഴവശാ-
ഭവന്നംഭോമദ്ധ്യേ മരണപരിതാപാതുരതയാ
സ്തുവന്നംഭോജാക്ഷം സ്മൃതനിജപുരാജന്മചരിതൻ
സ്തവംകൊണ്ടേവം മനസി കലയാമാസ സുകൃതീ. ൧൦

---

1. പുരാ കേവലം ദേവലാപ്തേന ശാപേന കേളീതടാകപ്പരന്നിൽ കടന്നോരു ഗന്ധർവ്വഗംഭീരകുംഭീര.

എന്നും,

2. നക്രാഽപ്യുഗ്രപരാക്രമോഽപ്രതിബലം
വ്യാകൃഷ്യ നാഗാധിപം
തോയാഭ്യന്തരമാനിനീഷുരമുച-
ന്നാസ്യാഗ്രപാദം ബലീ
വ്യാക്രോശന്തമലം ഗജേന്ദ്രമുദകേ
വീക്ഷ്യാകുലം വ്യാകുലാ
ഭീതാശ്ചുക്രുശുരാർത്തവം സകളഭാ
ളിന്യഃ കരിണ്യശ്ചിരം.

തോയസ്യാന്തർബ്ബഹിരപി തയോഃ കൃഷ്ടതോർന്നേതുമേവം
ഭൂയോഭൂയഃ പൃഥുലബലയോർന്നക്രമാതംഗപത്യോഃ
ദിവ്യഃ ശ്ലൂനാം പരിഗതമഭൂദ്ദൈവഗത്യാ സഹസ്രം
ദൃഷ്ട്വാ ദേവാ വിധിവിലസിതം മേനിരേ തച്ചിത്രം!

എന്നും ഖ. പാഠം.

1പൂമാതും പൂമിമാതും സരസിജഭവനും
തേടുമപ്പുണ്യധാരാ-
ഭ്രമാവുന്നിദ്രശോഭം ഫണിവരശയനേ
മേവുമാറങ്ങുകണ്ടാൻ;
ശ്രീമാനാം നാരദൻ തുംബുരുസനകസന-
ന്ദാദിതത്പാർഷദന്മാർ
നാമാന്യാവർത്തനംചെയ്തുഴകൊടു ചുഴലെ-
ച്ചേർന്നുനിന്നീടുമാറും. ൧൧

മത്സ്യരൂപ! കമഠാകൃതേ! വരവരാഹ-
ദേഹ! നരസിംഹ! ഹേ!
ശസ്യവാമനതനോ! ഭൃഗുദ്വഹ! രഘുപ്ര-
വീര! ബല! കംസഹൻ!
ദസ്യുഭൃതജനനിഗ്രഹായ ധൃതകല്കി-
വേഷ! ഭഗവൻ! മൂർത്തേ-
രസ്യ സർവ്വമപി സങ്കടം ത്വമിഹ വിശ്വ-
നാഥ! വിരളീകുരു. ൧൨

നേരെത്താതോരു ദൈവം നിജഹൃദി സുഖമേ
കണ്ടു മാൽതീർത്തു നിൽക്കു-
ന്നേര,ത്താനന്ദരൂപൻ തെളിവൊടു ഗരുഡാ-
രൂഢനായ്‌വന്നകാണ്ഡേ,

1. ആർത്തിപൂണ്ടു കരെ നോക്കി വീർത്തു നിജകൂട്ട-
മോർത്തു കലിതാശയാ
നേത്രവാരി ചൊരിയുന്ന വാരിയതിൽ ഗാത്ര-
മങ്ങു മുഴുകി ഇഭലോം,
ഓർത്തനേരമതിമോഹനസ്തുതികൾ തീർത്തു-
തോന്നി നിജമാനസേ
ചേർത്തുകൊണ്ടു കമലേക്ഷണം കനിവൊടാസ്ഥ-
പൂണ്ടു പുകഴുംവിധൌ.

ആക്രന്ദം നക്രഭീതദ്വിരദവരമുഖോൽ-
ഗീർണ്ണമാകർണ്ണ്യ തൂർണ്ണം
സൌപർണ്ണേ സ്വർണ്ണവർണ്ണേ ഗരുതി കൃതപദഃ
പൂർണ്ണകാരുണ്യരാശിഃ
കല്പാന്താർക്കാഭചക്രാദ്യഭിലസിതഭുജ-
ശ്ചാരുഭൂഷാത്തശോഭോ-
ഭാസ്വത്പീതാംബരോഽഥാംബുദസദൃശരുചിഃ
പ്രാദുരാസീത് സ ദേവഃ.

എന്നു ഖ. പാഠം.

തീരത്തായീ; സരോവാരിയിലവശതയാ
　　പെട്ട പാടങ്ങശേഷം
തീരെ ത്താരൊത്തകണ്ണീരിന്നൊരുകരുണചൊരി-
　　ഞ്ഞാസ്ഥയാ ഹസ്തിവര്യേ. ൧൯

ദണ്ഡകം.

കണ്ടാനഹോ! സപദി തണ്ടാർവിലോചനമ-
　　കുണ്ഠാദരം [1]പതഗകണ്ഠേ,
വണ്ടിയലുമളകനിര മണ്ടിവരുമളവധിക-
　　മുണ്ടിനിയ വിറയൽ തടവുന്തു;
മുരവൈരിതാനിവനുമൊരു സംശയം ന മമ
　　പരനാകിലെന്തിവകൾ കാണ്മാൻ
ദരമരിയദനുജവരഗളമരിയുമരിയുമൊരു
　　ഗദ കമലമമലവനമാലാ
എന്നിങ്ങനേ കരുതി മന്നിൻമണാളനൊട്ടു-
　　തന്നേ പറഞ്ഞു നിജതാപം
„എന്നെയൊരു മുതല ബത! വന്നഖിലജഗദധിപ!
　　യിന്നുവതിനവനിത, ത്തുനിഞ്ഞു;
കരുണാംബുധേ! വരിക തരുണാംബുവാഹനിഭ!
　　മരണാമയങ്ങൾ നഹിയാ മേ;
അരുണമൃദുകമലനിഭചരണയുഗമൊഴിയെ മമ
　　ശരണമിഹ നഹിനഹി ദയാലോ!"
ഇത്ഥം തം സംസ്തു[2]വാനം സരസിജനിചയൈ-
　　രച്ച്യയന്തം ച പശ്യൻ
ഹസ്തീന്ദ്രം ദൈത്യഹന്താ നിജഭുജലതയാ-
　　കൃഷ്യ കാസാരവാരഃ
ചക്രേ ചക്രേണ നക്രം കില ദലിതമുഖം
　　സോഽപി തം ദേവലാപ്തം
ദേഹം ഭിന്ദൻ ഹി ഹൂഹൂർദിവമനുഗതവാൻ
　　ഹന്ത! ഗന്ധർവ്വരാജഃ. ൧൮

തദൈവ ലബ്ധഗോവിന്ദസാരൂപ്യഃ പാണ്ഡ്യഭൂപതിഃ
യയൌ തേന മഹാഭാഗോ വിഷ്ണുനാ ധാമ വൈഷ്ണവം. ൧൯

ശുഭമസ്തു.

1. ഗരുഡ, 2. വന്തം. എന്നു ഖ. പാഠം.

# ൨. രാവണവിജയം.

എപ്പോഴും ചെന്നു... ... ... ...
... കളിച്ചും
ദപ്പംചേൎന്നീടുമം... ... ...
... ഭാസമാനാ. ൧

ഘോരാടോപംകല . . . . . . മേ-
വീടുമാശ്ചൎയ്യപൂരാ-
നോരോന്നേ കണ്ടു സൌധോപരി മരുവുമൊരോ
കാമിനീകാന്തരമ്യാ
വാരാൎന്നീടുംപതാകാമയനവരസനാ-
ലീഢപൂൎണ്ണേന്ദുബിംബാ
നേരേ സാലങ്ങളിൽ ചെന്നിടറി മറയിടും
നീലജീമൂതമാലാ. ൨

അമ്ലാനശ്രീകലൎന്നീടിന മണിമയവെ-
ണ്മാളികാഭിത്തിതോറും
മമ്മാ! മിന്നീടുമാംഭോനിധിഗതതിമിക്രു-
മ്മാദിസത്വാഭിരാമാ
ചെമ്മേ ചെന്നംബുധേരൂമ്മികളില ... ...
ബിംബിതാമേയനാനാ-
രമ്യാഭ... ... ... ... ... ... ... ... ... ...ലസിതനി-
മ്മായദിവ്യാൽ ... ... ...

കാലേ കാലേ ത... ...ല തവഞ്ചെയ്തു... ...
പുരാ തോഷയിത്വാ
ചേലമ്പീടുന്നൊരോ... ... ... ... ... ... ... ...
... ... ...വീൎയ്യഭ്രമാ
ചാലേ ചെന്നങ്ങഖിദേ... ... ... ...വിനൊടാ-
ട്ടിക്കളഞ്ഞുജ്ജ്വലശ്രീ-
ലീലാലംകാരലംകാപുരിയിൽ നിശിചര-
സ്വാമിതാനായിരുന്നു. ൪

ദ്രാവിഡവൃത്തം ൧.

ഹരഹര! ശിവശിവ! പറവാൻ പണി പണി
ദശമുഖചരിതവിലാസമൊരൊന്നേ:
ഗിരിജാകാമുകസഖ്യഞ്ചേർന്നതി-
വിശ്രുതനാമൊരു വൈശ്രവണൻതാ-
നഴകിലയച്ചൊരു ദൂതൻചെന്നുപ-
റഞ്ഞതുകേട്ടുടനുത്കടരോഷം രക്ഷോനാഥൻ
തദ്ഗളമാശു മുറിച്ചുകളഞ്ഞഥ
തത്ക്ഷണമേവ ജഗത്ത്രയകാങ്ക്ഷീ
യക്ഷാധിപനൊടു പൊരുതുജയിച്ചാ-
നക്ഷതശൌര്യം ലങ്കാനഗരിയിൽ
നിന്നുപുറപ്പെട്ടളകാനഗരേ
………സാകം ചെന്നു ചുഴന്നു
………… ന്ന്യേ ബലാടോപം
വിത്താധിപ………………ടു
നക്തഞ്ചരപതി മത്തതരാത്മാ
പുഷ്പകമാമൊരു ദിവ്യവിമാനം
കെല്പിനൊടപഹൃത്യാശുകരേറി-
ത്തെളിവുകലർന്നു നടന്നൊരുനേരം
ഝടിതി തടഞ്ഞൊരു കൈലാസാദ്രിയെ
വടിവൊടുകുത്തിയെടുത്തുപറിച്ചു-
ങ്ങമ്മാനക്കളി മമ്മാ! ചേർത്തുട-
നഗജാലിംഗനതോഷിതശങ്കര-
വരദാനംകൊണ്ടതിദർപ്പംപൂ-
ണ്ടവിടുന്നവനിപനിവഹജയാർത്ഥം
വിന്ധ്യവനാന്തേ ചെന്നൊരുനേരം
കണ്ടാനപ്പോൾ മഹിതതപംചെ-
യ്തവിടെ നിഷണ്ണാം കാഞ്ചനവർണ്ണാം
കാഞ്ചന കന്യാം, കണ്ടുനിതാന്തം
തണ്ടാർചരതുയിർകൊണ്ടതിവിവശത
തണ്ടീടുന്ന നിശാചരനാഥൻ
വണ്ടാർകുഴലിയൊടേവമവാദീത്:—
"കോമളരൂപേ! നീയെന്തേവം

കാമിനി! ഘോരതപസ്സുതുടന്നു?
... ... ... ... യൌവനകാലേ
വിപരീതം തവ തൊഴിലിതൊരോന്നേ.
കന്യ സുതാ നീ? സുന്ദരി! തവ ഭുവി
ഭൎത്താവായതുമേതൊരു സുകൃതി?"
ഇത്ഥം കേട്ടടനാതിത്ഥ്യം ചെ-
യ്തുത്തമവനിതാ വചനമിതുചേ:—
"ബ്രഹ്മൎഷിസ്തു പിതാ മമ സുരഗുരു-
ജന്മാ വീരകുശധ്വജനാമാ
വേദാഭ്യാസം ചെയ്യുന്നേരം
ജാതാഹം കില വാങ്മയകന്യാ
വേദവതീതിച നാമ്നാ വിദിതാ
മാധവസങ്ഗമനോത്സുകഭാവാ
നാരായണനെൻ ഭൎത്താവാവാൻ
ഘോരതപസ്സിതു ചെയ്തീടുന്നു.
ഗച്ഛ നിശാചര! ജാനേ തപസാ
വിശ്വമശേഷം ധൎമ്മപരാ ഞാൻ"
 തദനു വിമാനാദവരുഹ്യാസൌ
മദനാതുരനായ് പലവഴി ചൊന്നാൻ:—
"ത്രിഭുവനസുന്ദരി! മതി മതി ബാലേ!
വിപുലതപസ്സിതു ജരതീയോഗ്യം.
നല്ലൊരു യൌവനമെന്തിനു കാമിനി!
വല്ലാതേ ബത! കളയുന്നു നീ?
ലങ്കാപതിയൊടു ചേൎന്നരസിച്ചീ-
ടങ്ഗജമധുരരസായനസീമേ!
തന്വീകുലമണിമഞ്ജരി! നീ കേ-
ളെന്നൊടുചേൎന്നു യഥേഷ്ടമൊരോരോ-
സുഖപദവികളുടനനുഭവ,മേന്മേൽ.
ഹിമകരകിരണംകൊണ്ടതിരമ്യേ
മണിമയഹൎമ്മ്യേ മൃഗമദഹിമജല-
സൌരഭമിളിതേ തെളിവിൽ മയാ സഹ
മനസി മുഴുത്തോരനുരാഗവശാൽ
മനസിജലീലകൾ തേടാമല്ലോ.

സുന്ദരവദനേ! നാമിരുവരുമായ്
നന്ദനവിപിനേ ചെന്നു രമിച്ചും
മന്ദാകിനിതൻ കനകസരോജമ-
രന്ദരസത്തെത്തടവി വരുന്നൊരു-
മന്ദസമീരണമേററു സുഖിച്ചും,
ചന്തം ചിന്തിന സുരപുരപദവിക-
ളന്തമെഴാതൊരു മദ്ഭുജശക്ത്യാ
ബന്ധുരരാഗം തടവിനതോർത്താൽ
പരമാനന്ദം പരമാനന്ദം!
നാരായണനെന്നവനാരായതു?
ചാരുഗുണംകൊണ്ടെന്നോടൊപ്പാ!
കാമിക്കേണ്ടാ നിർഗ്ഗുണമേനം
നാമിരുവരുമേ ചേരും നൂനം!
തരുണീരത്നം നീയാകുന്നതു,
പുരുഷമഹാമണി ഞാനാകുന്നതു;
രതിയും മദനനുമെന്നകണക്കേ
മതിമുഖി! നമ്മിൽ ചേർച്ച മനോജ്ഞം!"
"അച്ഛോ! നിശിചര! നിന്ദിക്കൊല്ലാ
വിശപാധിപതിം ഭഗവന്തം നീ
ധന്യതരാത്മാ ലക്ഷ്മീകാന്തൻ
തന്നേ മമ ഖലു ഭർത്താവായതു."
എന്നതുകേട്ടു ദശാനനനുടനേ-
കന്യകതൻ തലമുടി പിടിപെട്ടാൻ.
വിരവിനൊടപ്പോൾ വേദവതീ, നിജ-
കരതലഗതമൊരുവാൾമുനകൊണ്ടേ
പുരികുഴൽ നടുവിലറുത്തുകളഞ്ഞുട-
നരുതരകോപജ്വാലകൾകൊണ്ടേ
നിശിചരനാശു ദഹിക്കുംപോലെ
വചനമുഴറെറാടിവണ്ണമവാദീത്:—
"ദുഷ്ട! നിശാചര! നീവന്നെന്നെ-
ത്തൊട്ടതുമൂലം ജീവിച്ചതുമതി!
വഹ്നിയിൽ വീണു മരിപ്പനിദാനീ-
മെന്നും നീ ബത! കാൺകെത്തന്നെ.

ഉടയവരില്ലാതവരെപ്പോലേ
കഠിനമതേ! നീ കാട്ടിയതിന്നിഹ
നിന്നേക്കൊന്നുമുടിപ്പാനായ് ഞാ-
നെന്നുംവന്നുപിറപ്പൻ ഭൃശമൌ.
എത്തേനും ഞാൻ പുണ്യംചെയ്തതു
നേരെന്നാകിലയോനിജയായൊരു
ധമ്മാത്മാവാം നരപതിതൻേറ
സുതയായ്‌വന്നു പിറന്നീടേണം.''
എന്നു പറഞ്ഞഥ ദിവ്യകുമാരീ
വഹ്നിയിൽ വിരവൊടു ചാടിമറഞ്ഞാൾ.
പരിമളമിളകിനസുരതരുകുസുമം
പെരുമഴപോലേ പരിതോ വീണു.
തദനു ദശാസ്യൻ കനകവിമാനം
ഝടിതി കരേറി നടന്നു ധരിത്രിയിൽ;
മഖകൃതദീക്ഷം രിപുജനരുക്ഷം
തത്ര മരുത്തനൃപാലവരിഷ്ഠം
ക്രതുവിധിമദ്ധ്യേ സപദി ജയിച്ചുട-
നോരോനൃപതികൾ നേരേ പോരിനു
ചെന്നുവിളിച്ചും പൊരുതുജയിച്ചും
വിരവൊടയോദ്ധ്യാനഗരേ ചെന്നുട-
നനരണ്യാഖ്യം വീര്യശ്ലാഘ്യം
കൃതസുരസഖ്യം നരപതിമുഖ്യം
രണഭുവി ഘോരതരപ്രഹൃതികൾ കൊ-
ണ്ടപചേതനമഥ ഝടിതി പതിപ്പി-
ച്ചുജ്ജ്വലഹാസം നഭസി ബഭാഷേ:—
"നരപാലാധമ! ഫലിതം കിം തേ?
വിരവിനൊടെന്നോടു പൊരുവാൻ വന്നതും,
എന്നൊടു വന്നിഹ പൊരുവാനിപ്പോൾ
മന്നിലൊരുത്തനുമാമല്ലോർത്താൽ"
വിവശതരാത്മാ നൃപതിയുമപ്പോ-
ളവനൊടു രോഷമിയന്നു പറഞ്ഞു:—
"വിധികൃതമാക്കുമൊഴിക്കാവല്ലെ-
ന്നറിക, ഭവാനാലല്ല ഹതോ ഞാൻ;

ശത്രുവിനോടിഹ തോറേറാട്ടകിലേ
പൃഥ്വീനാഥനു കലത്രു ദോഷം.
കൃത്യം കിമപി മയാ കൃതമെങ്കിൽ
സത്യം ഭവതു മദീയം വാക്യം.
മാമകവംശേ ദശരഥതനയോ
രാമോ നാമ ഭവിഷ്യതി രാജാ;
മുരരിപുതുല്യപരാക്രമശാലീ
പരിഭവമിതു മമ വീളുമവൻതാൻ.
വീരശിഖാമണി രാമശശാങ്കൻ
വാരിധിചിറയിട്ടാശുകടന്നും
ഘോരത തേടിന ബാണശ്രേണ്യാ
ചാരു മുറിക്കും തവ തല പത്തും!
വൈരമിതെന്നോടു ചെയ്തതുമൂലം.''
നരപതിയന്നുശപിച്ചൊരുനേരം
സുരതതി ദിവ്യപെരുമ്പറ താക്കീ;
സുരതരുകുസുമവുമനുപമസൌരഭ-
തരളിതമധുകരമവനിയിൽ വീണു.
ശൌര്യ്യം തേടിന ഭൂപതിതാനും
വീര്യ്യസ്വർഗ്ഗം പ്രാപ തദാനീം.
തദനുനിശാചരനായകനഛ്ചാ!
മനുജന്മാരെപ്പേടിപ്പിച്ചും
ദിവിചരസങ്ഘാനോടിപ്പിച്ചും
തെക്കുംദിക്കിനു നോക്കി നടന്നു.

ആനന്ദബ്രഹ്മസാരം ജലനിധിതനയാ-
കാമുകം ശ്യാമരൂപം
ധ്യാനംചെയ്തും പ്രമോദാലിടെയിടെ നയനേ
മിശ്രയന്നശ്രുധാരാം
വീണാനാദേന നാനാജനഹൃദി ജനയൻ
സന്മദം നിർമ്മലാത്മാ
കാണപ്പെട്ടു തദാനീമപഹസിതശര-
ന്നീരദോ നാരദോഽഗ്രേ.

അപ്പോഽം കണ്ടാനമന്തം നിഗദിതനിജവൃ-
ത്താന്തമേനം ദശാസ്യം
ചൊൽപ്പൊങ്ങും പുഷ്പകത്തിന്നുപരി മദമെഴും
സേനയാ ഭാസമാനം
മെത്തീടും മേഘപൃഷ്ഠേ മുനികുലപെരുമാ-
ളാസ്ഥിതോ ഭാസ്വരാത്മാ
യുദ്ധാലോകപ്രസാദീ മധുരിമഭരിതാം
ഭാരതീമാബഭാഷേ. ൯

"ഐശ്വര്യശ്രീകേളിവായ്പിന്നൊരു വിളനിലമേ!
വീര! ഭാഗ്യാംബുരാശേ!
വാരെത്തീടും മഹേശപ്രണയഭരശര-
ച്ചന്ദ്രികാഹർമ്മ്യഭൂമേ!
ഓരോരോ നിൻഭുജാവിക്രമസരണികഽം ക-
ണ്ടെൻപിലാനന്ദസിന്ധൌ
നീരാടിക്കൂപ്പുചാടുന്നിതു മമ മനകാ-
മ്പനപഹം ജന്യരംഗേ. ൰

നേരേ നാരായണൻതാനസുരകളെ മുടി-
ക്കുന്ന നേരത്തുമയ്യാ!
ഘോരാം പത്രീശപരൻ ചെന്നഹികളൊടണയു-
ന്നേരവും വീരമൌലേ!
പാരം വന്നീലിവണ്ണം കുതുകഭരമെനി-
ക്കിന്നു നിൻ മന്യുവേഗ-
ക്രൂരം സങ്ഗ്രാമകോലാഹലമിതനുഭവി-
ക്കുന്നതിന്നൊന്നുമൊവ്വാ. ൰൧

എന്നാലിഞ്ഞാൻ പറഞ്ഞീടിന വചനമിതാ-
കർണ്ണ്യതാം, മന്ദവീര്യൈ-
രിന്നോരോ മർത്ത്യജാലൈരലമലമയി നീ
വൈരമാഽക്കൊണ്ടതെല്ലാം;
വിണ്ണോക്കും നിന്നൊടേല്പാൻ പണി പണി സമരേ
കിം പുനർമാനവാനാം
നിന്നാൽ ധാത്രീ ജിതേയം വിമതജനതമോ-
മണ്ഡലീചണ്ഡഭാനോ!" ൰൨

"പോകുന്നേനിന്നുതന്നേ മുനിവര! ഫണിലോ-
കത്തിനിഞ്ഞാനിദാനീം
വൈകാതത്ര നാഗാനപി ച ദിവി സുരാൻ
മേ വശേ ചേത്തശേഷാൻ
വാർകോലും മദ്ഭുജാവിക്രമസരണികൾ കൊ-
ണ്ടാശു ജിത്വാ ത്രിലോകീം
മാൽകീടാതേ സുധാത്ഥം വിരവിനൊടു മഥി-
ഷ്യാമി ദുഗ്ധാംബുരാശിം." ൧൦

"മാർഗ്ഗേണാനേന പോകുന്നതു ഝടിതി ഭവാ-
നേതുദിക്കിന്നിദാനീം?"
"സാക്ഷാത് പ്രേതേശപുര്യാം പെരുവഴിയിതു
ചെന്നീടുവാൻ ധന്യകീർത്തേ!"
"ഓക്കുമ്പോൾ സൌഖ്യമെല്ലാന്നിതു ഗതി-
സമയേ പുണ്യഭാജാം ജനാനാം"
"വായ്ക്കും പാപോദ്ധതാനാം ഭയദമിതു ജഗത്-
ഖ്യാതവിക്രാന്തിസിന്ധോ!" ൧൧

"ഓരോരോ ജന്തുജാലങ്ങളെ നിയതമസൌ
താൻ തനിക്കൊത്തവണ്ണം
വാരാളും നാകലോകേ മഹതി ച നരകേ
ചേർത്തുമുത്തുങ്ഗധാമാ
സൈ്വരം സന്തോഷ്യ സമ്പീഡ്യ ച തെളിവൊടഹോ!
വത്തതേ നിത്യമേവം
ചാരുശ്രീ സംയമിന്ദ്യാം ഖലജനപടലേ
ചണ്ഡധീർദ്ദണ്ഡധാരീ. ൧൨

"എന്നാൽ നീ കേൾ പുലസ്ത്യാത്മജ! മമ വചനം,
ത്വാം പ്രതി പ്രേമമുദ്രാ-
വിന്യാസസാദിതപരം നിസ്തുലഭുജബലവി-
സ്താരനിസ്സാരിതാരേ!
എന്നും ഞാൻ വല്ലനാളും രണഭുവി ദശക-
ണ്ഠസ്യ കണ്ടേ പിണപ്പൻ
ധന്യം പാശം മദീയം പരമിതി ബഹുധാ
ഭാവശാലീ യമോഽസൌ." ൧൩

ഇത്ഥം നക്തഞ്ചരേന്ദ്രൻ മുനിവരവചനം
കേട്ടടൻ ഹസ്തതാളം
കൃത്വാ പൊട്ടിച്ചിരിച്ചാനധികധവളദം-
ഷ്ട്രാവലീഘോരഘോരം
ഉദ്വൃത്താരക്തനേത്രജ്വലനപരിപത-
ജ്ജ്വാലജാലൈർദ്ദിഗന്തം
ക്രുദ്ധോ വിത്രാസയന്നുദ്ധതഭുജമഹിമ-
ക്ഷോഭവാനാബഭാഷേ. ൫൪

„കൊള്ളാമിത്തൊഴിലെത്രയും നിറമെഴും
കാലാരിശൈലം പറി-
ച്ചുല്ലാസത്തൊടു കേളിതേടിയ മഹാ-
വീരേണ യോദ്ധും മയാ
ക്ഷുല്ലപ്രാണിവിഹിംസനാൽ മദമെഴും
പ്രേതേശനോ കാങ്ക്ഷിതം?
കല്യശ്രീ ശരഭത്തിനോടിതു മുനേ!
ശാർദ്ദൂലവിക്രീഡിതം. ൫൫

ദിക്പാലന്മാരെ മുല്പാടഴകിനൊടു ജയ-
പ്പാനനല്പാഭിമാനം
കല്പിച്ചത്രേ പുറപ്പാട്ടടനതിലൊരുവൻ
നിർജ്ജിതോ യക്ഷനേതാ;
ഇപ്പോഴേ ചെന്നു ദുഷ്പ്രാഭവമഹിമകല-
ർന്നന്തകം യമം തം
കെല്പോടുത്പന്നദർപ്പം ചെറുതുകളികളി-
പ്പിപ്പനഗ്രേ രണാഗ്രേ. ൫൬

ഭോ ഭോ! യോഗീന്ദ്രമൌലേ! ധൃതകലഹരുചേ!
കേളിദാനീം പുരാരേഃ
ശ്രീപാദത്താണ, ലോകത്രയഭയമരുളും
ചന്ദ്രഹാസാസിയാണ,
പാപീ കാലോയമാസ്താം, നഖദലിതഹിര-
ണ്യാസുരോ ദൈത്യഹന്താ
കോപാൽ പോരിന്നെതിർത്തീടിലുമിഹ തലകൊ-
യ്തീടുമിപ്പുണ്ഡ്ക്തികണ്ഠൻ. ൫൭

ചൊല്ലെത്തീടുന്ന വൈരാകരവിമലയശ-
ശ്ചന്ദ്രഹാ ചന്ദ്രഹാസം
തുള്ളിച്ചും കൊണ്ടു ഞാനങ്ങുദിതരഭസമെ-
ത്തും വിധൌ യുദ്ധഭ്രമൌ
അല്ലൽപ്പെട്ടിമ്മഹാത്മാ ജരഠമഹിഷമാ-
രുഹ്യ മണ്ടീലയാകിൽ
ചൊല്ലീടാം, കാലകാലാഭിധ ശിവനമെനി-
ക്കും തദാ വന്നുകൂട്ടും.” ൧൮

എന്നിവണ്ണമൃഷിവര്യനോടുദിതവീര്യ-
പൌരുഷമസൌ പറ-
ഞ്ഞുന്നമന്മഹിതപുഷ്പകാഗ്രഗതസൈന്യ-
ഘോഷമുഖരാംബരം
ചന്ദ്രഹാസമതിചിത്രമൻപിനൊടെറിഞ്ഞു-
മേറവുമുദയത്പ്രഭാ-
ദന്തുരാശമുടനേ നടന്നിതു ദശാന-
നോ യമദിശാന്തരേ. ൧൯

നീരദാരവനിഭം നിശമ്യ രജനീച-
രസ്യ വചനം തദാ
നാരദോഽപി നഖവും ചുരണ്ടി നടകൊണ്ടി-
താശു രണകൌതുകീ;
ചാരുനാദമധുരാം മനോഹരമുരാരി-
നാമപദമേദുരാം
ദാരിതാഘപടലീം കരേണ പരിവേല്ല-
യൻ കനകവല്ലകീം. ൨൦

ദിശിദിശി നിജകാന്തിജ്യോത്സ്ന പെയ്തുജ്ജ്വലാത്മാ
ശശധരനുദിതാഭം വന്നിറങ്ങുന്നപോലെ,
അശിഥിലകുതുകോഽയം നാരദോ യാമ്യഗേഹം
നിശിചരപതി ചെല്ലുംമുമ്പിലേ സമ്പ്രപേദേ. ൨൧

ചാരുശ്രീചേൎന്ന രത്നാസനഭുവി ലസിതം
തത്ര ധൎമ്മപ്രതിഷ്ഠം
നേരേ കണ്ടാണ,മഗ്ര്യോല്ലസിതഹുതഭുജോ
ഛേൎന്ന സഞ്ചിന്ത[illegible]നം,

ഓരോരോ കൎമ്മപാകം നിജനിജമനിശം
യോജയന്തം ജനൌഘേ
ധീരം കണ്ടു തദാനീം മുനികുലപെരുമാൾ
നിൎമ്മലം ധൎമ്മരാജം. ൨൨

ധൎമ്മാത്മാ ദേവനപ്പോൾ മുനിവരനെ മുതി-
ൎന്നൎഘ്യപാദ്യൈൎയ്യഥാൎഹം
സമ്മാനിച്ചങ്ങിരുത്തി സ്മിതനവസുഷമാ-
പേശലം, വാചമൂചേ:—
"ധൎമ്മത്തിൻവാട്ടമെങ്ങാനുമിതുലകിൽ മുള-
ച്ചീലയല്ലീ സുരാളീ-
നമ്യ! ശ്രീമൻ! കിമൎത്ഥം പുരമിതുഭവതാ-
ലങ്കൃതം സാമ്പ്രതം മേ?" ൨൩

കനിവിനൊടുദിതാം നിശമ്യ വാണീം
ഘനകുതുകോദയപൂരിതാന്തരാത്മാ
മുനികുലപെരുമാൾ തദാ വിവസ്വ-
ത്തനയനൊടേവമുവാച ജാതഹാസം. ൨൪

"കേട്ടാലും ദശകണ്ഠനെന്നു ഭുവനേ
ചൊല്ലുള്ളൊരാ രക്ഷോഗണ-
ശ്രേഷ്ഠൻ വന്നുതുടങ്ങിനാനയി വിഭോ!
ദുൎവ്വാരഗൎവ്വാന്ധധീഃ
ദൌഷ്ട്യംചേൎന്നൊരു വിക്രമൈരിഹ ഭവ-
ന്തം ജേതുകാമോ രണേ
ധാൎഷ്ട്യംപൂണ്ടു പുറപ്പെട്ടുന്നതഖിലം
കണ്ടിങ്ങു വന്നീടിനേൻ. ൨൫

എന്നതറിഞ്ഞിഹ മുമ്പേ
വന്നേ,നറിയിപ്പതിന്നിതിപ്പോൾ ഞാൻ;
എന്നാൽ ചിന്തിച്ചഖിലം
നന്നായ് കോപ്പിട്ടുകൊൾക, ശൌൎയ്യാബ്ധേ!" ൨൬

ഝടിതി ദശാനനവരവ-
ങ്ങിടയിടെ നോക്കിയുമുദഞ്ചിതാമോദം
പടുതരമിദമറിയിച്ചും
വടിവൊടിരുന്നൂ മുനീന്ദ്രനമലാത്മാ. ൨൭

(ദണ്ഡകം,)

അന്നേരമാശകളിൽമിന്നും പ്രഭാപടല-
മൊന്നങ്ങുദിച്ചിതതിദൂരേ,
അന്നമുഹൂരപാരേ,മണികിരണപൂരേ,
മുഴകിയിതു ഭുവനതലമഴകിനൊടു നിഖിലമപി
നവതരണികരനികരസാരേ.
ഓടുന്നതും ഝടിതി കാണായിതപ്പൊഴുതു
പേടിച്ചൊരോ ദിവിചരൌഘം
ഉടനുളിതവേഗം കൃതഭുവനശോകം
പടവിളിയൊടിടകലരെ നിവിരുമൊരുപരിചനിര
ഝടഝടിതിമുലകിലിടപാകീ.
കാണായിതഗ്രഭുവി ഭാനുപ്രഭാപടല-
ശോണം തദാ മണിവിമാനം,
കനകലസമാനം സുരപുരസമാനം
കമലഭവകുശലതയിലുപജനിതമതിമഹിത-
മമിതജവവിജിതപവമാനം.
മധ്യേവിമാനമഥ നക്തഞ്ചരാധിപതി
യുദ്ധോത്സുകോ ദിവി വിളങ്ങീ,
മദഭരപിശങ്ഗീകൃതനയനരങ്ഗം
നവദഹനകണപടലപതദഖിലപതഗകുല-
മഖിലജനമവശതയിൽ മുങ്ങീ.

രക്ഷോനാഥൻ തദാനീമഭിമതഗതിനാ
പുഷ്പകേണ പ്രസപ്പ-
ന്ന്യക്കാരം, ഘോരവൈവസ്വതഭടഭരിതം
കാലഗേഹം ജഗാഹേ;
അഗ്രേ തന്മന്ദിരേ തഞ്ചിന നിഖിലവിശേ-
ഷങ്ങൾ കണ്ടീടുവാനാ-
യുഗ്രാത്മാ തത്ര നീളെത്തെളിവൊടു പെരുമാ-
റീടിനാൻ ധൈര്യം. വ. വൃ

ഗദ്യം ൭.

തതസ്തതസ്തതോ ബഹുവിധേഷു ഭയങ്കരേഷു നരകേഷു പീഡിതാനനേകാനപശ്യത്. ഏകത്ര പീഡാസഹത്വാത് മുക്ത-

കണ്ടും രോരുദ്യാവതഃ കാംശ്ചന മുഹുർമുഹുസ്സമുത്പാടിതരസനാ-താഡസ്പഷ്ടവൎണ്ണമുത്ക്രോശതഃ, വജ്രതുണ്ഡപ്രമുഖൈരുച്ചണ്ഡതു-ണ്ഡഖണ്ഡിതയാതനാതനുഷണ്ഡഗണ്ഡമണ്ഡലജിഹ്വാഞ്ചലാക്ഷി-ലോലൈഃ പക്ഷിജാലൈൎന്നിഖിലജനകൎണ്ണവിവരവിദാരണഘോ-രാരാവൈസ്സാരമേയൈശ്ച ഭക്ഷ്യമാണാൻ, അതികരുണതരം പ്രലപതശ്ച ബഹളതരപൂയരുധിരധോരണ്യാം വൈതരണ്യാ-മപശരണ്യാനപുണ്യാൻ ബഹുശോ മജ്ജനോന്മജ്ജനം കുൎവ്വാ-ണാൻ സുതപ്തവാലുകാപുഞ്ജേഷു സന്തതം സന്തപ്യമാനാൻ, അസഹ്യശൈത്യനിവാസേഷു ഘോരതരവാതപാതസഞ്ചലിതാ-സിമയപത്രഘനേഷ്വസിപത്രവനേഷു സതപരമതഇതോധാവ-നേനാനേകശോ വിദാരിതസകലാവയവാൻ, ദുസ്സഹസ്പൎശവത്യാം ക്ഷാരനദ്യാം അധികഭൈരവേഷു രൌരവേഷു അതിഘോരേ ക്ഷുര-ധാരേ ച വിവശതരമാലുഠനം തനാനാൻ, സന്തപ്തലോഹനിഗള-ശൃങ്ഖലിതാങ്ഘ്രിയുഗളം ജാനുദഘ്നസാങ്ഗാരമദ്ധ്യേ തിഷ്ഠതഃ തൃഷ്ണാവിവശതയാ പാനീയം യാചമാനാൻ, അനിശമശനായാപ-രവശാൻ കൃശതരകായാൻ ശവപ്രായാൻ വിവൎണ്ണാൻ വികീൎണ്ണ-കേശപാശാൻ രൂക്ഷതരദൎശനാൻ നഗ്നാനതഇതസ്സമുദ്ധാവത-ശ്ച നിസ്സീമമാൎത്തിസങ്കുലാൻ പ്രാണിസങ്ഘാൻ.

അന്യതശ്ച കാംശ്ചിദപരിമിതമണികിരണധോരണീശോ-ണീകൃതഹരിദന്തരേഷു സുമധുരഗീതവാദിത്രനിസ്വനമുഖരിതഗ-ഗനകന്ദരേഷു ഭുവനസുന്ദരേഷു കനകമന്ദിരേഷു നിജസുകൃതഭാ-രോപലബ്ധാനി സുഖജാലാന്യനുഭൂയ സമ്മോദമാനാൻ, പൂൎവ്വജന്മ-നി ഗോപ്രദാൻ സുമധുരഗോരസൈരന്നവിതരണശീലാൻ ചതു-ൎവ്വിധാഹാരനികരേണ അശ്രാന്തവിശ്രാണിതഗൃഹനിൎമ്മലരമ്യഹ-ൎമ്മ്യശിഖരേഷു നിരവധി സുഖിതാൻ, ദത്തകനകമുക്താമണി-രത്നനിവഹാൻ, നിരുപമമണിഗണവിലസിതബഹുതരഹാടകഭൂ-ഷണഭൂഷിതഗാത്രാൻ ജാജ്വല്യമാനനിജതേജഃപ്രസരപിഹിതാൻ

* * *

* * *

... ... ... യ വൎഷിച്ചുണഞ്ഞാർ

മണിഗണമഹസാ സംശോഭമാനേ വിമാനേ. വൻ

പ്രാസാദം വേദി പൊയ്ത്താരണി കനകമണി-
ത്തൂണു പുത്തൻഗവാക്ഷ-
വ്രാതം പൂമെത്തയെന്നിത്തരമതനു തക-
ത്തീടിനാരാത്തനാദാഃ;
ധാതുൎന്നിൎമ്മാണശക്തിപ്രസരമഹിമകൊ-
ണ്ടക്ഷയേ വ്യോമയാനേ
ജാതാ ജാതം വിരേജേ യമഭടപടലീ-
ചൂൎണ്ണിതം തത്പദാതം. ൩൦

അപ്പോഴ് നക്തഞ്ചരാധീശപരസചിവവരൻ-
മാർ പുറപ്പെട്ടു നേരി-
ട്ടപ്രേതാധീശസൈന്യത്തൊടു പൊരുതുതുട-
ങ്ങീതു തുംഗാഭിമാനാഃ;
കെല്പോടന്യോന്യശസ്ത്രപ്രഹരണദലിതാ-
ച്ഛോണിതാൎദ്രാ വിളങ്ങീ
ശില്പത്തിൽ പൂത്തു മേളംതടവി നിറമെഴും
ശാല്മലിത്തോപ്പുപോലെ. ൩൧

തിങ്ങീടുംഭീതിലോലാൻ വിരവിനൊടഥ സ-
ന്ത്യജ്യ രക്ഷഃപ്രവീരാൻ
സംഗ്രാമേ രാവണൻതന്നൊടു യമപൃതനാ
കൂട്ടമിട്ടങ്ങണഞ്ഞു;
അംഗാരസ്പൎശിമെരുരപെരിയ മഹാ-
ശൂലജാതൈൎന്നിശാതൈ-
രംഗന്തോറും പ്രയോഗിച്ചിതു മദമിയലും
കൌണപവ്രാതമൌലേഃ. ൩൨

ചൊല്ലേറും ശസ്ത്രപാതക്ഷരിതരുധിരധാ-
രാരുണോ ദാരുണോഽസൌ
ഫുല്ലാശോകം കണക്കേ കലിതരുചി വിള-
ങ്ങീടുമാഭോഗശാലീ
കല്യാത്മാ കാലസൈന്യേ ദശവദനനുടൻ
ബാണജാലം ചൊരിഞ്ഞാ-
നല്ലോലാക്പ്രകാശം തടവി മഴ ചൊരി-
ക്കുന്ന വാർകൊണ്ടൽപോലെ. ൩൩

കൃതാന്തസേനാ, ശിതശസ്ത്രജാലൈ-
സ്തദാ ദശാസ്യം പരിവാര്യ വേഗാത്
രണേ നിരുച്ഛ്വാസമമും വിതേനേ,
ഘനാവലീ ശൈലമിവാംബുവർഷൈഃ. ൩൪

മുക്തതനുത്രാണവരോ
രക്തധുരീസിക്തസകലഗാത്രോ/സൌ
ത്യക്ത്വാ പുഷ്പകമാരാത്
തസ്ഥൌ പൃഥ്വ്യാമതീവരുഷിതാത്മാ. ൩൫

"നില്പ്പിൻ നില്പ്പിൻ! കുറഞ്ഞൊന്നയി മമ പുരതോ
നിങ്ങ"ളെന്നിപ്രകാരം
ഉൾപ്പാടുദ്ഘോഷയ, ന്നുദ്ഭടഭുജമഹിമാ
രാവണോ ദേവവൈരീ,
കെല്പ്പാർന്നുദ്ഭാസുരം പാശുപതമരിയ ദി-
വ്യാസ്ത്രമഗ്രേ തൊടുത്താ,-
നത്പന്നാരാവമെയ്താൻ തരളിതഭുവനം
ജ്വാലയാ കാലസൈന്യേ. ൩൬

അസ്ത്രതേജസാ തത്ര പാതിതാ
ദഗ്ധവിഗ്രഹാ യുദ്ധഭൂതലേ
ദാവപാവകേനാഭിവിഷ്ടുരത്-
സാലസന്നിഭാഃ കാലസൈനികാഃ. ൩൭

ദശമുഖനാഹവകുശലീ
സചിവന്മാരോടുചേർന്നു മദശാലീ
അശിഥിലദിവ്യവിമാനീ
ഭൃശമതനോത്സിംഹനാദമഭിമാനീ. ൩൮

ഇത്ഥം മെത്തുന്ന നക്തഞ്ചരകടുനിനദം
കേട്ടു വൈവസ്വതൻ താ-
നത്യുത്കോപാനലോദ്ദീപിതനയനകലാ
ഭീഷണോ രോഷണാത്മാ
ഇത്രൈലോക്യം വിറയ്ക്കും പരിചു മണിരഥം
ദിവ്യമാസ്ഥായ നേരേ
യുദ്ധത്തിന്നായ് പുറപ്പെട്ടിതു ഖലജനതാ-
ഖണ്ഡനോ ദണ്ഡധാരീ. ൩൯

സാക്ഷാലമ്മൃത്യുതാൻ വന്നതുപൊഴുതു യമ-
സ്യാഗ്രഭാഗേ നടന്നു,
രൂക്ഷാത്മാ മുദ്ഗരം പ്രാസവുമിനിയകരേ
ചാലയൻ ഘോരഘോരം;
ഭ്രൂക്ഷേപോദഗ്രവൃത്തോത്തരളവിപുലനേ-
ത്രാന്തശാലീ മുതിന്ന-
ന്നോക്കുന്നേരത്തുതന്നേ വിരവൊടു നിഖില-
പ്രാണിനാം പ്രാണഹാരീ. ൪൦

ഉച്ചണ്ഡം കാലദണ്ഡം പിതൃപതിസവിധേ
മൂൎത്തികൈക്കൊണ്ടു പെട്ടെ,-
ന്നുച്ചശ്രീ പൂണ്ടു ദിവ്യായുധമരിയമണി-
സ്യന്ദനേ വന്നു നിന്നു,
അച്ഛിദ്രം തസ്യ പാൎശ്വങ്ങളിലഴകിയലും
കാലപാശങ്ങൾ കോപ്പി-
ട്ടുച്ചച്ചോ! വന്നിതത്യുജ്ജ്വലമരിയമഹാ-
മുദ്ഗരം മൂൎദ്ധഭാഗേ. ൪൧

മെത്തുന്ന തീവ്രജ്വരകുഷ്ഠവാത-
പിത്തക്ഷയാദ്യാ, ധൃതഘോരഗാത്രാഃ
പ്രത്യക്ഷമേ വ്യാധികളൊക്കെ മേന്മേൽ
മൃത്യോരടുത്തമ്പൊടു മുൻനടന്നു. ൪൨

ഗദ്യം ൨.

ഹര ഹര, ശിവ! തത്ക്ഷണം ദക്ഷിണാശാധിപൻ കാലദേവൻ കടുംകോപമുൾക്കൊണ്ടകുണ്ഠാനുഭാവം പുറപ്പെട്ടനേരം ജഗത്തൊക്കെയൊന്നും ഭയപ്പെട്ടിതല്ലോ. സുരവ്രാതമെല്ലാം വിറച്ചമ്പരന്നു; നിറച്ചും പരന്നേററമച്ചോ! നഭശ്ചാരിവൃന്ദം മുകിൽച്ചാൎത്തിൽ മെല്ലെന്നൊളിച്ചങ്ങു നിന്നു; ദൃഢം നിന്നുക്രുടാ നമുക്കിന്നു സാക്ഷാലിതല്ലൊ കൃതാന്തൻ വരുന്നു ജഗത്പ്രാണഹാര। ധനുർബ്ബാണധാരീ സമം മൃത്യുനാ വന്നണഞ്ഞുന്നുടങ്ങി മുതിന്നെന്നിവണ്ണം, ഭയഭ്രാന്തികൈക്കൊണ്ടു തമ്മിൽ പറഞ്ഞും രണക്ഷോണിയിങ്കേന്നു രക്ഷോഭടന്മാരുഭസ്ത്രായുധം നീളെ മണ്ടിത്തുടങ്ങി; പരം ഭീതിചേൎത്താശു മാൎത്താണ്ഡജന്മാവു നെററിക്കനേരിട്ടണഞ്ഞോരുനേരം കുറഞ്ഞോന്നുപോലും കുലുങ്ങീല ലങ്കാധിനാഥൻ; തദാനീം പരേതേശരാജൻ മഹാഘോരശസ്ത്രങ്ങളെക്കൊണ്ടു നക്ത-

ഞ്ചരാധീശമൎമ്മങ്ങൾതോറും പ്രയോഗിച്ചു പെട്ടെന്നു മുട്ടുന്നനേരം, നിശാചാരിവീരൻ നിശാതേഷുജാലങ്ങൾ വൎഷിച്ചു വൈവസ്വതൻതന്മണിത്തേർ തിരഃത്തൊടണഞ്ഞങ്ങു മൂടി.

മൃതിന്നന്തകൻ പിന്നെയും മന്യുവേഗം കലൎന്നുഗ്രബാണങ്ങൾകൊണ്ടും മഹാവേലുകൊണ്ടും രണേ വൈരിദോരന്തരാളംപിളക്കുംപ്രകാരം മിളദ്ഘോരനാദം പ്രയോഗിച്ചതുള്ളിൽത്തറച്ചേറ്റമൎമ്മപ്പീഡകൈക്കൊണ്ടു തദ്ബാണജാലം തടുപ്പാനസൃക്പാവലീനാഥനപ്പോൾ കുറഞ്ഞൊന്നു വല്ലീലഃയത്തും. കനത്ത്കോപഭാരം രണക്കോപ്പുപാരം മൃതിക്കും ദശായാം രിപുസ്തോമമെന്നും കൊട്ടും കാട്ടുടൻപുക്കു ചുട്ടു പൊട്ടിച്ചതിന്നുഗ്രദാവാനലശ്രീകലൎന്നോരു വൈവസ്വതന്നന്നഹോരാത്രമീവണ്ണമുദ്ദാമയുദ്ധംകഴിഞ്ഞിട്ടുമൊട്ടും തരംകിട്ടിയില്ലമ്പിലക്കൌണപാധീശനെത്തത്ര കൊന്നീടുവാനും ജയിച്ചീടുവാനും; പരേതേശനും കൌണപാധീശനും തമ്മിലന്യോന്യമപ്പോൾ ജയിപ്പാനുറപ്പോടു കല്പിച്ചു നെററിക്കുനേരെത്തി മുട്ടുന്നനേരത്തു സംവൎത്തകാലം കണക്കേ ചമഞ്ഞു ജഗച്ചക്രമെല്ലാമനല്പാഭിമാനീ ശരസ്തോമവൃഷ്ട്യാ ദിഗന്തങ്ങളൊക്കെക്ഷണംകൊണ്ടുമൂടുംപ്രകാരം തമിസ്രാചരേന്ദ്രൻ സഹസ്രാംശുസൂനുഞ്ചമൃത്യുഞ്ച തത്സാരഥിഞ്ചാപി നീരന്ധ്രമെയ്യേററു മൎമ്മങ്ങൾതോറും പിളൎക്കുന്നനേരം കൃതാന്താനനത്തിങ്കൽനിന്നാശു കോപാനലജ്വാല പെട്ടെന്നെഴുന്നമ്പിലെട്ടാശതോറും നിറഞ്ഞങ്ങു പൊങ്ങിത്തഴച്ചഞ്ജസാ സത്യലോകത്തിലോളം കവിഞ്ഞും തുടങ്ങി. ജഗദ്ഭീഷണംഭ്രൂകുടീഘോരമായോരു നെററിത്തടത്തിങ്കലത്യുത്കടംഭ്രൂലതാദണ്ഡമൊന്നും വളഞ്ഞും ചമഞ്ഞു. മഴക്കാറുമദ്ധ്യേ തെളുക്കെന്നു ദിക്കുംമതിത്തെല്ലുപോലേ വിളക്കം കലൎന്നോരു ദംഷ്ട്രാംകഴററിക്കനൽക്കട്ടപോലേ ചുവന്നങ്ങിളക്കുന്ന കണ്ണുംമിഴിച്ചുജ്ജ്വലത്ക്രോധദംഷ്ട്രാധരോഷ്ഠം നിറം പെട്ടെഴുന്നട്ടഹാസധ്വനിപ്രൌഢികൊണ്ടെട്ടുദിക്കും മുഴക്കിഗ്ഗരിഷ്ഠാഭിമാനീ ജഗദ്ഭീഷണാത്മാ കൃതാന്തൻ തദാ വൈരിണം രംഹസാ സംഹരിച്ചീടുവാൻ തത്ര നിന്നീടിനാൻ.

അന്നേരം മൃത്യുചെന്നമ്പൊടു പിതൃപതിയോ-
ടേവമൂചേ:—"വിഭോ! കേ-
ളെന്നെപ്പെട്ടെന്നയച്ചീടുക, മദമിയലും
രാക്ഷസേന്ദ്രാന്തികേ നീ;

എന്നും ചെന്നങ്ങു കൊന്നീടുവനഴകിൽ നിയോ-
ഗിക്കി,ലെത്തുന്നനേരം-
തന്നേ ജന്യേ ജഗന്നായക! തവ കഴലാ-
ണാ! മതിന്നേതുചെയ്യും. ൪൩

ഉന്നിദ്രാത്മാ സ വൃത്രൻ നമുചി നരകനെ-
ന്നാദി ദൈത്യേശ്വരന്മാർ
മുന്നം മേ ദൃഷ്ടിപാതാൽ പലരുമിഹ മരി-
ച്ചീടിനാർ വിശ്വവീരാഃ;
ഇന്നിക്രവ്യാശനങ്കൽ കിമിഹ ബത വിഭോ!
സംശയം? കാട്ടു ചൂഴം
വഹ്നിജ്വാലാകലാപത്തിന്നു ശലഭകുലോ-
ദ്ദീപനേ കിംപ്രയാസം.? ൪൪

ഭാവിച്ചു ഞാൻ തൊട്ടവർ പിന്നെയാരും
ജീവിക്കമാറില്ലിഹ പാരിലെങ്ങും;
ദേവ! പ്രഭോ! മദ്ബലമല്ല പണ്ടേ
കൈവന്ന മര്യാദയിതായതല്ലോ.” ൪൫

ഇതിമൃത്യുഗിരം നിശമ്യ രോഷാ-
ദതിദഷ്ടോഷ്ഠമുഖോഽഥ സൂര്യജന്മാ,
“അധുനാ രിപുമാശരേന്ദ്രമേനം
യുധി ഞാൻ കൊല്ലു”വനെന്നുവാച വാചം. ൪൬

വാർത്തേടും കാലപാശൈരലമിരുപുറവും
നീളവേ പൂർണ്ണമാണം
മീതേ വഹ്നിസ്ഫുലിങ്ഗപ്രകരകമമൂഴം
മുദ്ഗരോദഞ്ചിതാഗ്രം
ശ്രീതാവീടുന്ന ഘണ്ടാപടലഘണഘണാ-
പൂരിതാശേഷലോകം
വീതാശങ്കം കൃതാന്തൻ കരതളിരിലെടു-
ത്തീടിനാൻ കാലദണ്ഡം. ൪൭

കാണുന്നേരത്തുതന്നേ വിരവിനൊടിഹ യാ-
തൊന്നു നാനാജനാനാം
പ്രാണാപായം വരുത്തുന്നതു സതതമനി-
ർവ്വാണദുർവ്വാരതേജാഃ

ഛേന്നപ്പും ബാഹുശക്ത്യാ ധൃതരഭസഭരം
തേന ദണ്ഡേന കാലൻ-
താൻറംകോപാലടിക്കംപൊഴുതു പറവതെ-
ന്തീശനേ സാക്ഷിയുള്ളൂ! ൪൨

കലുങ്ങീ ശൈലൌഘം, ജലധികൾകലങ്ങീ, സുരകുലം
നടുങ്ങീ, ദൈത്യന്മാർ വിരവൊടുമയങ്ങീ, ഭയഭരാത്
കടുങ്ങീ ജീവാശാ നിശിചരകുലത്തിന്നു, നിഖിലം
ക്ഷണംകൊണ്ടന്നേരം ശിവ ശിവ! ചകമ്പേഽഥ ഭുവനം. ൪൩

ഗദ്യം ൩

തതസ്തദാനീം ഭഗവാൻ പദ്മജന്മാ, നിമ്മലബ്രഹ്മസാര-സാക്ഷാത്കാരൈകാഗ്രമനസ്കാരഃ, മുഖകമലവിസ്മരനിഗമഘോഷമുഖരിതഹരിന്മുഖഃ, ദിവ്യാക്ഷസൂത്രകനകകമണ്ഡലുമണ്ഡിതകരാഞ്ചിത * *

… … … … … … … … മൌ ജീവിതേശൻ മറഞ്ഞു. ൫൦

ലങ്കാനാഥൻ ജയിച്ചു യമനെ രണമുഖേ
വീരനെന്നിപ്രകാരം
തുങ്ഗാരാവം ദിഗന്തം പുനരിടനിറയും
മാറു ഘോഷിച്ചശങ്കം,
ഭങ്ഗ്യാഽസൌ പുഷ്പകാഗ്രേ തെളിവിനൊടു കരേ-
റിത്തിരിച്ചന്നടന്നു
തിങ്ങും ദർപ്പോദ്ധതാത്മാ ഭുവനരിപു നിശാ-
ചാരിണാം വീരനേതാ. ൫൧

ജിത്വാ ലോകത്രയം നിസ്തുലഭുജമഹസാം
രക്ഷസാം ചക്രവർത്തീ
ഗത്വാ ലങ്കാമകംപുക്കഴകൊടുവിജയ-
ശ്രീകലൎന്നങ്ങിരുന്നു;
ഉദ്യന്മോദം കൃതാന്തോഽപി ച സഹ വിധിനാ
നാരദേനാഽപി മേളം
മെത്തീടും സത്യലോകം നിഖിലജനമനോ-
നന്ദനം സംപ്രപേദേ. ൫൨

സമാപ്തം.

---

16

B 102

17 DEC 1942

MUL
064310